**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 - പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 60,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം.2218/2016/തസ്വഭവ.** **തിരുവനന്തപുരം, തീയതി:22/07/2016**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടരുടെ 13/07/2015-ലെ എം3-21841/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/02/2016-ലെ കെ.എസ്.എ 12770/പിറ്റി1/15 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൻറെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം പട്ടികജാതിവിഭാഗക്കാർക്കുള്ള പോഷകാഹാര വിതരണ പദ്ധതി പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്ത 60,000/-രൂപ (അറുപതിനായിരം രൂപ മാത്രം ) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 05-02-2015 ലെ 1(22):ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക അധികം ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരംലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-7 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി നിർദ്ധനരായ പട്ടികജാതി വിഭാഗക്കാർക്ക് സഹായകമായിട്ടുണ്ട് എന്നും പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട് എന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2011--2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 60,000/-രൂപയുടെ (അറുപതിനായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, [redacted] ആലപ്പുഴ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, പുറക്കാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ